## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.270 — 09.06.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പശ്ചിമഘട്ട സംരക്ഷണത്തിനുള്ള കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ഇറക്കിയ കേന്ദ്ര ഗവൺമെന്റ് ഉത്തരവിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മാറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ബാധകമല്ല. |
| (സി) | പരിസ്ഥിതിലോല മേഖലകളുടെ അതിരുകളെക്കുറിച്ച് സംസ്ഥാനങ്ങൾ നേരിട്ട് പഠനം നടത്തി ഭേദഗതി നിർദ്ദേശിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്; | (സി) | ബാധകമല്ല. |
| (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്കകൾ അകറ്റാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്കകൾ അകറ്റാനായി എല്ലാ പൊളിറ്റിക്കൽ പാർട്ടികളും ഉൾപ്പെടുന്ന ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുകയും റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഉമ്മൻ.വി.ഉമ്മൻ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. ഈ കമ്മിറ്റി കണ്ണൂർ മുതൽ തിരുവനന്തപുരം വരെ റിപ്പോർട്ട് ബാധിതമായ സ്ഥലങ്ങളിൽ മീറ്റിംഗുകളും സിറ്റിങ്ങുകളും നടത്തി പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ട് |

ഗവൺമെന്റിന് നിർദ്ദേശങ്ങൾ സമർപ്പിച്ചു. സാറ്റലൈറ്റ് മാപ്പിങ്ങിലെ അപാകതകൾ ഒഴിവാക്കാൻ പഞ്ചായത്ത്തല കമ്മിറ്റി രൂപീകരിച്ച് കഡസ്ട്രൽ മാപ്പിന്റെ സഹായത്തോടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി. പഞ്ചായത്ത്തല സമിതി സമർപ്പിച്ച മാപ്പ് അതേപടി സുതാര്യത ഉറപ്പുവരുത്തിക്കൊണ്ട് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ